# നീര: നിയന്ത്രണം ചെത്തു തൊഴിലാളികൾക്കു മാത്രമെന്ന് ബാബു

തിരുവനന്തപുരം● തെങ്ങിൽനിന്നു നീര ചെത്താൻ കർഷകർക്കോ സൊസൈറ്റികൾക്കോ നിയന്ത്രണമില്ലെന്നും ചെത്തു തൊഴിലാളിക്കു മാത്രമേ 20 തെങ്ങുകൾ എന്ന നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളൂവെന്നും മന്ത്രി കെ. ബാബു അറിയിച്ചു. ലൈസൻസി എന്നതുകൊണ്ട് ഉദ്ദേശിച്ചതു ചെത്തുതൊഴിലാളിയെയാണ്. യുക്തമായ സാഹചര്യങ്ങളിൽ തൊഴിലാളിക്ക് ഇരുപതിൽ കൂടുതൽ തെങ്ങുകൾ ചെത്താൻ തടസ്സമില്ലെന്നും അദ്ദേഹം അറിയിച്ചു. നീര ചെത്താൻ ലൈസൻസിക്ക് 20 തെങ്ങുകളിൽനിന്നു മാത്രം അനുമതി നൽകിയ ചട്ട ഭേദഗതി കർഷകവിരുദ്ധമാണെന്നു മനോരമ ഇന്നലെ റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണു കോക്കനട്ട് ഡവലപ്മെന്റ് കോർപറേഷനു നീര ചെത്താൻ അനുമതി നൽകിയതെന്നും മന്ത്രി അറിയിച്ചു.